പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2204 08.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി. സി യിലെ പെൻഷൻ

ചോദ്യം

ശ്രീ. കെ.വി. വിജയദാസ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉദ്ദേശിക്കുന്നില്ല. |
| (ബി) | നിലവിൽ കെ.എസ്.ആർ.ടി. സി നൽകുന്ന പെൻഷന്റെ വിശദ വിവരം നൽകുമോ; | (ബി) | പ്രതിമാസം 42 കോടി രൂപയാണ് പെൻഷൻ വിതരണത്തിനായി കെ.എസ്.ആർ.ടി.സി. യ്ക്ക് ആവശ്യമായുള്ളത്. കെ.എസ്.ആർ. ടി.സി.യുടെ പ്രതിമാസ വരുമാനത്തിൽ നിന്നും പെൻഷൻ വിതരണത്തിനായി തുക കണ്ടെത്താൻ കഴിയുന്നില്ല. ഇതുമൂലം 2014 ഒക്ടോബർ, നവംബർ മാസങ്ങളിലെ പെൻഷൻ തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. 2014 സെപ്തംബർ മാസത്തെ പെൻഷൻ തുക 8600 രൂപയായി നിജപ്പെടുത്തി മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. |
| (സി) | കെ.എസ്.ആർ.ടി. സി യിലെ പെൻഷൻ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സർക്കാ-രിന്റെ പരിഗണനയിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി, കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും എടുത്ത വായ്പകൾ പൊതുമേഖലാ ബാങ്കുകളിലെ കുറഞ്ഞ പലിശയും ദീർഘമായ തിരിച്ചടവ് കാലാവധിയുമുള്ള വായ്പകളാക്കി മാറ്റുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ച് വരികയാണ്. അപ്രകാരം വായ്പ തിരിച്ചടവിൽ കുറവ് വരുന്നതിലൂടെ കോർപ്പറേഷന്റെ ചെലവും വരവും തമ്മിലുള്ള അന്തരം ഗണ്യമായി കുറയുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ സമാഹരിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ വിഹിതവും പെൻഷൻ വിതരണത്തിന് കോർപ്പറേഷന് ഉപയുക്തമാക്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം സ്വന്തം നിലയ്ക്ക് പെൻഷൻ വിതരണം നടത്താൻ കോർപ്പറേഷന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ